# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 27 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### തീരശ്രീയ്ക്ക് തുടക്കം
## കുടുംബശ്രീയെ ഭിന്നിപ്പിക്കാൻ അനുവദിക്കില്ല: മന്ത്രി എ സി മൊയ്തീൻ

ജാതി മതവിശ്വാസങ്ങൾക്കപ്പുറത്ത് മനുഷ്യരെ ഒന്നിപ്പിക്കാൻ കഴിഞ്ഞു എന്നതാണ് കുടുംബശ്രീയുടെ പ്രത്യേകതയെന്നും കുടുംബശ്രീയെ ഭിന്നിപ്പിക്കാൻ ആരെയും അനുവദിക്കരുതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ പറഞ്ഞു. കയ്പമംഗലം ഗ്രാൻഡ് ഓഡിറ്റോറിയത്തിൽ തീരശ്രീ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുടുംബശ്രീയ്ക്കുള്ള സ്വാധീനം കേരളത്തിലെ ഒരു രാഷ്ട്രീയപാർട്ടിക്ക് പോലുമില്ല. കുടുംബശ്രീയെ വിഭജിക്കാൻ ശ്രമിക്കുന്നവർക്ക് പ്രത്യേക ലക്ഷ്യങ്ങളുണ്ട്. അന്തർദ്ദേശീയ തലത്തിൽ കേരളത്തിന്റെ അഭിമാനമാണ് കുടുംബശ്രീ. ഈ മാതൃകയിലുള്ള സംരംഭങ്ങൾക്ക് രൂപം നൽകാനുള്ള ശ്രമത്തിലാണ് ഇതര സംസ്ഥാനങ്ങൾ. വായ്പ സഹായസംഘം എന്നതിൽ നിന്നും ലോകത്തിന് തന്നെ മാതൃകയാവുന്ന ബൃഹദ് പ്രസ്ഥാനമായി കുടുംബശ്രീ മാറിക്കഴിഞ്ഞു. കേരളത്തിന്റെ അഭിമാനമാണത്. മന്ത്രി എ സി മൊയ്തീൻ പറഞ്ഞു. സ്ത്രീകളുടെ ഉന്നമനത്തിലൂടെ മാത്രമേ ഒരു സമൂഹത്തിന് വളരാൻ കഴിയൂ. അത്തരത്തിൽ സാമൂഹ്യ വളർച്ചയ്ക്ക് വലിയ മുതൽകൂട്ടാണ് കുടുംബശ്രീ നൽകുന്നത്. ജനജീവിതം മെച്ചപ്പെടുത്താൻ സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ അതത് വകുപ്പുകൾക്കൊപ്പം കുടുംബശ്രീയും ഒന്നിക്കണം മന്ത്രി എ സി മൊയ്തീൻ വ്യക്തമാക്കി.

ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ അദ്ധ്യക്ഷത വഹിച്ചു. തീരദേശ അയൽക്കൂട്ടങ്ങൾക്കുള്ള മുറ്റത്തെമുല്ല പദ്ധതിയുടെ ആദ്യവായ്പാ വിതരണം മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ കെ അബീദലി നിർവഹിച്ചു. സെന്റ് തോമസ് കോളജിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന തീരദേശത്തെ അവസ്ഥാ-ആവശ്യകതപഠനം പദ്ധതിയുടെ ധാരണപത്രം ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡണ്ട് കെ കെ സതീശൻ കൈമാറി. പ്രതിഭാതീരം പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ, കായികതീരം പദ്ധതിയനുസരിച്ചുള്ള കുടുംബശ്രീ കിറ്റ് എന്നിവയുടെ വിതരണവും നടന്നു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ് ഹരികിഷോർ പദ്ധതി വിശദീകരിച്ചു. വലപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഇ കെ തോമസ്, കാട്ടകമ്പാൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സദാനന്ദൻ, ജില്ലാ പഞ്ചായത്തംഗം ശോഭ സുബിൻ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡണ്ട് കെ ആർ സാംബശിവൻ, മറ്റ് ജനപ്രതിനിധികൾ, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ കെ വി പ്രമോദ് സ്വാഗതവും ജില്ലാ മിഷൻ കോർഡിനേറ്റർ കെ വി ജ്യോതിഷ് കുമാർ നന്ദിയും പറഞ്ഞു.

## പെൺകരുത്ത് തെളിയിച്ച് തീരശ്രീ; മന്ത്രിയെ ഓലത്തൊപ്പി അണിയിച്ച് കുരുന്നുകൾ

പെൺകരുത്ത് പ്രകടിപ്പിച്ച് തീരശ്രീയുടെ സംസ്ഥാനതല ഉദ്ഘാടനം വർണാഭമായി. തീരദേശ മേഖലയിലെ കുടുംബശ്രീ സംഘടന സംവിധാനത്തിന്റെ സമഗ്രമായ നവീകരണവും വ്യാപനവും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതിയെ കൈപ്പമംഗലം ഗ്രാന്റ് ഓഡിറ്റോറിയത്തിൽ

വരവേറ്റത് കുടുംബശ്രീ അംഗങ്ങളുടെ നിറഞ്ഞ സദസ്സ്. ഇതിനിടെ ഉദ്ഘാടകനായ തദ്ദേശസ്വയംഭരണമന്ത്രി എ.സി മൊയ്തീനെ കുരുന്നുകൾ ഓലതൊപ്പി അണിയിച്ചത് കൗതുകമായി. തീരശ്രീയുടെ പ്രതിഭാതീരം -കായികതീരം പദ്ധതിയിലെ കുട്ടികൾക്കുള്ള പഠനോപകരണ വിതരണവും കുടുംബശ്രീ സ്പോർട്സ് കിറ്റ് വിതരണവും കുടുംബശ്രീ എക ്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ നിർവ്വഹിക്കുന്നതിനിടയിലാണ് ഒരുകൂട്ടം കുഞ്ഞുങ്ങൾ വേദിയിലെത്തി മന്ത്രിയെ തൊപ്പി അണിയിച്ചത്. വലപ്പാട് സി.ഡി. എസിലെ 18-ാം വാർഡിലെ അയൽക്കൂട്ടം അംഗം മംഗലംപുള്ളി സീത ഉണ്ണിയാണ് മന്ത്രിയ്ക്ക് സമ്മാനിക്കാൻ ഓലത്തൊപ്പി മെടഞ്ഞത്. ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് തയ്യാറാക്കിയ സ്റ്റേജിൽ ടിഷ്യൂ വിതരണം ചെയ്ത ഓലകൂടയും സീതയുടെ വകയായിരുന്നു. ജില്ലയിലെ അഞ്ച് പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനവേളയിൽ സിഡിഎസ് ചെയർപേഴ്സൺമാരും കുട്ടികളും ചേർന്ന് ആലപിച്ച നാടൻപാട്ടാലപനവും പരിപാടിക്ക് മാറ്റായി.

സമൂഹത്തിൽ ഏറ്റവും അരക്ഷിതാവസ്ഥ അനുഭവിക്കുന്ന വിഭാഗങ്ങളിലൊന്നായ തീരദേശവാസികൾക്ക് ഊന്നൽ നൽകിയാണ് തീരശ്രീ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. തീരദേശ പഞ്ചായത്തുകളിലെ തീരദേശ വാർഡുകളിലെ കുടുംബശ്രീ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി ഈ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടേയും പൊതുജീവിത നിലവാരം ഉയർത്തുന്നതിനും ഉപജീവന പ്രവർത്തനങ്ങൾ ഇതുവഴി ശക്തിപ്പെടുത്തും. നിലവിലെ അവസ്ഥാ-ആവശ്യകതാപഠനം, സാമൂഹിക ,സാംസ്കാരിക ,ആരോഗ്യ മേഖലകളുടെ ഉന്നമനം, ഉപജീവന പ്രവർത്തനങ്ങൾ, തീരദേശ മേഖലയിലെ വട്ടിപ്പലിശക്കാരെ ഒഴിവാക്കുന്നതിന് വേണ്ടി സഹകരണ ബാങ്കുകളുമായി മൈക്രോ ഫിനാൻസ് - സാമ്പത്തിക സാക്ഷരത പ്രവർത്തനങ്ങൾ, പ്രതിഭാ തീരം-കായിക തീരം പദ്ധതികളുടെ നടത്തിപ്പ്, ഈ മേഖലയിലെ സർക്കാർ, സർക്കാരേതര ഏജൻസികളുമായുള്ള സംയോജന സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്നിവയെല്ലാം ഈ പദ്ധതി ലക്ഷ്യമിടുന്നു. ജില്ലയിലെ നാല് പഞ്ചായത്തുകളിൽ നാല് പഞ്ചായത്തുകളിൽ നിലവിൽ തീരശ്രീയുടെ കീഴിൽ വരുന്ന പ്രതിഭാതീരം-കായികതീരം പദ്ധതിയ്ക്ക് തുടക്കമിട്ടു കഴിഞ്ഞു. തീരദേശത്തെ 5 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ സൗകര്യമൊരുക്കുക എന്നതാണ് പ്രതിഭാതീരം കൊണ്ടുദ്ദേശിക്കുന്നത്. കായികമേഖലയിൽ കഴിവുള്ളവരെ അതത് കായിക ഇനങ്ങളിൽ പ്രഗത്ഭരാക്കുക എന്നതാണ് കായികതീരത്തിന്റെ ലക്ഷ്യം. എറിയാട് പഞ്ചായത്തിൽ 30 കുട്ടികളും രണ്ടു അധ്യാപകരുമുൾപ്പടെ ഈ പദ്ധതി ആരംഭിച്ചു കഴിഞ്ഞു. മതിലകം പഞ്ചായത്തിൽ 20 കുട്ടികളും, കയ്പമംഗലം പഞ്ചായത്തിൽ 15 കുട്ടികളും ആയി പദ്ധതിയ്ക്ക് തുടക്കമിട്ടു. വലപ്പാട് പഞ്ചായത്തിൽ 20 വിദ്യാർത്ഥികളും ഒരു അധ്യാപകനെയും തെരഞ്ഞെടുത്ത് പദ്ധതി നടപ്പാക്കാൻ ആവശ്യമായ സ്ഥലവും കണ്ടെത്തിയിട്ടുണ്ട്. തീരദേശം മുഴുവനും പദ്ധതി വ്യാപിപ്പിക്കുകയും അതുവഴി സ്ത്രീകകളെ സ്വയംപര്യാപ്തരാക്കുക എന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം.

# കാർഷിക പദ്ധതികൾ കുടുംബശ്രീ ഏറ്റെടുക്കും: പ്രൊഫ. സി രവീന്ദ്രനാഥ്

കാർഷിക പദ്ധതികൾ കുടുംബശ്രീ ഏറ്റെടുക്കുമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ്. ഇതിന്റെ ഭാഗമായി ഓരോ കുടുംബശ്രീ കൂട്ടായ്മക്കും കൃഷി ചെയ്യാനുള്ള അവസരം ഒരുക്കും. ഉറച്ച മനസുമായി പുതിയൊരു കാർഷിക വിപ്ലവത്തിന് തുടക്കം കുറിക്കാനൊരുങ്ങുകയാണ് കുടുംബ ശ്രീയെന്നും പറഞ്ഞു. അന്നമനട ഗ്രാമപഞ്ചായത്ത് ഇരുപത്തിയൊന്നാമതു കുടുംബശ്രീ സിഡിഎസ് വാർഷികം അരങ്ങ് 2019 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. കച്ചവട സാദ്ധ്യത മാത്രം മുന്നിൽകണ്ട് കൃഷി ഏറ്റെടുത്തു നടത്തുന്ന വൻ കുത്തകകളുടെ കൈയ്യിലാണ് നമ്മുടെ കാർഷിക രംഗം. പൂർണ്ണമായും രാസകീട നാശിനി പ്രയോഗിച്ചു കൃഷി ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. അശാസ്ത്രീയമായ കൃഷി രീതികൾ കൊണ്ട് അന്തരീക്ഷം മലിനമാകുന്നു. മണ്ണും ജലവും മലിനീകരിക്കപ്പെടുക വഴി പല മാരക രോഗങ്ങളും പിടിപെടുന്നു. മനുഷ്യരാശിക്ക് നാശം വരുത്തുന്ന ഇത്തരം അവസ്ഥക്ക് മാറ്റം കൊണ്ടുവരൻ കുടുംബശ്രീ കൃഷിയിലേക്ക് എത്തുന്നതിലൂടെ സാധിക്കും. ജൈവ കൃഷിരീതിക്ക് ഊന്നൽ കൊടുത്തുകൊണ്ടായിരിക്കും കുടുംബശ്രീ കാർഷിക പദ്ധതികളുമായി മുന്നോട്ട് പോവുക. കച്ചവടം എന്നതിലുപരിയായി കൃഷി നമ്മുടെ സംസ്കാരമാണ്

എന്നതിരിച്ചറിവിലൂന്നിയുള്ളപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കും. നല്ല രീതിയിൽ കൃഷി ചെയ്തു നല്ല വരുമാനം കിട്ടുന്ന രീതിയിലേക്ക് വിപണന സൗകര്യമൊരുക്കും. വിഷരഹിതമായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ പല ആരോഗ്യ പ്രശനങ്ങൾക്കും പരിഹാരം കാണാൻ കഴിയും. കൃഷി രീതിയിൽ പുതിയ മാറ്റങ്ങൾ കൊണ്ട് വരാൻ കുടുംബശ്രീയുടെ കാർഷിക ഇടപെടലിനാകുമെന്നും അദ്ദേഹം പറഞ്ഞു.

വി ആർ സുനിൽ കുമാർ എംഎൽഎ അധ്യക്ഷത വഹിച്ചു. മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇ. കേശവൻ കുട്ടി മുഖ്യാതിഥിയായി. അരങ്ങ് 2019 ന്റെ ഭാഗമായി മുഴുവൻ സിഡിഎസ് അംഗങ്ങളും പഞ്ചായത്ത് പ്രതിനിധികളും അണിനിരന്ന ഘോഷയാത്ര നടത്തി. സി ഡി എസ് വൈസ് ചെയർപേഴ്സൺ ഷീജ സദാനന്ദൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. എസ് എസ് എൽ സി, പ്ലസ് ടു, പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും എംബിബിഎസ് പരീക്ഷയിൽ ഫസ്റ്റ് ക്ലാസ്സ് കരസ്ഥമാക്കിയ ആര്യ ഉണ്ണിക്കും പഞ്ചായത്ത് പ്രസിഡന്റ് ടെസി ടൈറ്റസ് ഉപഹാര സമർപ്പണം നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി കെ ഗോപി ആശ്രയ കിറ്റ് വിതരണം നടത്തി. പ്രളയ കാലത്തെ രക്ഷാ പ്രവർത്തനങ്ങൾക്കായി ആർകെഎൽഎസ് ലോൺ പദ്ധതി പ്രകാരം പഞ്ചായത്തിന്റെ ഒപ്പം നിന്ന് സഹായിച്ച ജില്ലാ സഹകരണ ബാങ്കിന് ആദരസൂചകമായി നൽകിയ ഉപഹാരം അന്നമനട ബ്രാഞ്ച് മാനേജർ എ സി അനിതാ കുമാരി ഏറ്റുവാങ്ങി. ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി ഒ പൗലോസ്, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ മിനിത ബാബു, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ബേബി പൗലോസ് തുടങ്ങിയവർ ആശംസ നേർന്നു. പഞ്ചായത്ത് വാർഡ് ജനപ്രതിനിധികൾ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, മുൻ സിഡിഎസ് ചെയർപേഴ്സൺമാർ തുടങ്ങിയവർ പങ്കെടുത്തു. സി ഡി എസ് ചെയർപേഴ്സൺ ഷിനി സുധാകരൻ സ്വാഗതവും സാമൂഹ്യ ഉപസമിതി കൺവീനർ സിന്ധു ജയൻ നന്ദിയും പറഞ്ഞു.

# ദേശീയപാത അറ്റകുറ്റപണി അടിയന്തിരമായി നടത്തണം: ജില്ലാ വികസനസമിതി യോഗം

ജില്ലയിൽ ദേശീയപാതയുടെ അറ്റകുറ്റപണികൾ നടത്താത്തതിൽ ജില്ലാ വികസന സമിതി യോഗത്തിന്റെ രൂക്ഷ വിമർശനം. അറ്റകുറ്റപണികൾ യഥാസമയം നടത്താൻ ദേശീയപാത അതോറിറ്റി തയാറാവണമെന്ന് യോഗം ആവശ്യപ്പെട്ടു. ദേശീയപാതയിലെ തകർച്ച മൂലം അപകടം ഉണ്ടായി ജീവാപായം സംഭവിച്ചാൽ അധികൃതർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണമെന്ന് ബി.ഡി ദേവസി എം.എൽ.എ പറഞ്ഞു. ദേശീയപാത അപകടാവസ്ഥയിലാണെന്നും കരാറുകാർ നാടുവിട്ട അവസ്ഥയിലാണെന്നിരിക്കേ ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പരിഹാര നടപടികൾ കൈക്കൊള്ളണമെന്നുമുള്ള ഗവ. ചീഫ് വിപ്പ് അഡ്വ. കെ. രാജന്റെ ആവശ്യം ചർച്ച ചെയ്യുകയായിരുന്നു യോഗം. ദേശീയപാത അധികൃതർ വികസന സമിതി യോഗത്തിൽ പങ്കെടുക്കാത്തതിനെയും എം.എൽ.എമാർ വിമർശിച്ചു. ദേശീയപാതയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ആഗസ്റ്റിൽ എം.എൽ.എമാരെ ഉൾപ്പെടുത്തി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരാൻ തീരുമാനമായി.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഹൈടെക് ആക്കാനുള്ള പ്രവൃത്തി ഏറ്റെടുത്ത തിരുവനന്തപുരം ആസ്ഥാനമായ ശ്രീശൈലം എന്ന ഏജൻസി ചെയ്യേണ്ട ഏഴ് പ്രവൃത്തികളിൽ നന്ദിക്കര സ്കൂളിലെ പ്രവൃത്തി മാത്രമാണ് ആരംഭിച്ചതെന്ന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഈ ഏജൻസിയിൽനിന്ന് മറ്റ് പ്രവൃത്തികൾ ഒഴിവാക്കുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. ഇതിന്റെ തുടർനടപടി സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

ജങ്കാർ സർവീസ് നടത്തുന്ന അഴീക്കോട്, മുനമ്പം കടവുകളിൽ ബൊള്ളാർഡ് പോൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഹാർബർ എൻജിനീയറിംഗ് വകുപ്പ് ടെൻഡർ ചെയ്തതിൽ ഒരു കരാറുകാരൻ മാത്രമാണ് ടെൻഡർ സമർപ്പിച്ചെന്നതിനാൽ റീടെൻഡർ ചെയ്യണമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. റീടെൻഡർ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കാൻ യോഗം നിർദേശിച്ചു.

ഉരുൾപൊട്ടൽ മൂലം മാറ്റി പാർപ്പിച്ച അതിരിപ്പള്ളി ഗ്രാമപഞ്ചായത്തിലെ ആനക്കയം കോളനി നിവാസികൾക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തി നൽകുന്ന വിഷയത്തിൽ കോളനി വാസികളുടെ ഊരുകൂട്ടം ആഗസ്റ്റ് അഞ്ചിന് വിളിച്ചുചേർക്കാനും അതിൽ ജില്ലാ കളക്ടർ, എം.എൽ.എ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കാനും തീരുമാനിച്ചു. ജില്ലാ കളക്ടറുടെ ചേംബറിൽ പട്ടികവർഗ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോളനിവാസികളെ മാറ്റിപ്പാർപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ തീരുമാനിച്ചിരുന്നു. ഇതുപ്രകാരം മൂന്ന് സ്ഥലങ്ങൾ പരിഗണനയിലുണ്ടെന്ന് കളക്ടർ അറിയിച്ചു.

എല്ലാ സഹകരണ ബാങ്ക് വായ്പകൾക്കും ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചതിനാൽ അതുവരെ ജപ്തി നടപടികൾ സ്വീകരിക്കാൻ പാടില്ലെന്ന് ജില്ലാ കളക്ടർ വ്യക്തമാക്കി. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ എല്ലാ മാസത്തിലും മൂന്നാമത്തെ ശനിയാഴ്ച ഓരോ താലൂക്കിലായി പരാതിപരിഹാര അദാലത്ത് നടത്തുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ മണ്ണടിഞ്ഞ തോടുകളുടെ ആഴം കൂട്ടൽ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യാൻ യോഗം നിർദേശിച്ചു. മണ്ണടിഞ്ഞത് വെള്ളം ഒഴുകിപ്പോവുന്നതിന് തടസ്സമാവുന്നതായി കളക്ടർ ചൂണ്ടിക്കാട്ടി. ജില്ലയിലെ തീരപ്രദേശത്തെ കടൽക്ഷോഭം മൂലം ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾക്ക് ശാശ്വത പരിഹാരം കണ്ടെത്താനായി ഇതുസംബന്ധിച്ച സമഗ്രപഠനം നടത്തുന്നതിനായി സർക്കാറിനോട് ആവശ്യപ്പെടാൻ യോഗം തീരുമാനിച്ചു.

യോഗത്തിൽ ജില്ലാ കളക്ടർ എസ്. ഷാനവാസ് അധ്യക്ഷത വഹിച്ചു. ഗവ. ചീഫ് വിപ്പ് അഡ്വ. കെ. രാജൻ, എം.എൽ.എമാരായ പ്രൊഫ. കെ.യു അരുണൻ, ബി.ഡി ദേവസ്സി, മുരളി പെരുനെല്ലി, യു.ആർ. പ്രദീപ്, ജില്ലാ പ്ലാനിങ് ഓഫീസർ ടി ആർ മായ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ സംസാരിച്ചു.

## ഒളകര ആദിവാസി ഭൂമി പ്രശ്നം: യോഗം ആഗസ്റ്റിൽ

പീച്ചി ഡാമിന്റെ നിർമ്മാണഘട്ടത്തിൽ റിസർവോയറിന്റെ സമീപത്ത് താമസിച്ചിരുന്ന ഒളകര കോളനിയിലെ ആദിവാസികളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് ആഗസ്റ്റിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരാൻ ജില്ലാ വികസന സമിതി യോഗം തീരുമാനിച്ചു. ഒളകര കോളനിവാസികൾക്ക് നൽകാനായി ഭൂമി കണ്ടെത്തിയതായി ആർ.ഡി.ഒ അറിയിച്ചു. കോളനിവാസികൾക്ക് അടിയന്തിരമായി ഭൂമി നൽകാൻ നടപടി സ്വീകരിക്കണമെന്ന് യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. കേന്ദ്ര വനാവകാശ നിയമപ്രകാരം ഭൂമി ലഭിക്കേണ്ട ഇവർക്ക് മൂന്നര പതിറ്റാണ്ട് കഴിഞ്ഞിട്ടും സ്വന്തമായ ഭൂമിയില്ലെന്ന് പ്രമേയം അവതരിപ്പിച്ച ഗവ. ചീഫ് വിപ്പ് അഡ്വ. കെ. രാജൻ ചൂണ്ടിക്കാട്ടി.

മലയോര കർഷകർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയ്ക്ക് പ്രത്യേക ഓഫീസ് അനുവദിക്കണമെന്ന് ജില്ലാ വികസന സമിതി യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. പട്ടയം അനുവദിക്കുന്നതിന്റെ ആദ്യഘട്ടമായി, കേന്ദ്ര വനഭൂമി പതിവ് ലിസ്റ്റിൽ പേരുള്ളവർക്ക് ജോയിൻറ് വെരിഫിക്കേഷൻ റിപ്പോർട്ട് ഇല്ലെങ്കിലും പട്ടയം അനുവദിക്കാമെന്നും പട്ടയം അനുവദിക്കുന്ന സമയത്ത് ഭൂമിയിൽ നിലനിൽക്കുന്ന മരത്തിന്റെ വില മാത്രം അനുവദിച്ചാൽ പട്ടയം നൽകമെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതായി പ്രമേയം അവതരിപ്പിച്ച ചീഫ് വിപ്പ് അഡ്വ. കെ. രാജൻ അറിയിച്ചു. ഈ തീരുമാനം നടപ്പിലാക്കാൻ ആവശ്യത്തിന് സർവേയർമാരെ ഉൾപ്പെടുത്തി പ്രത്യേക ഓഫീസ് അനുവദിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

ചേലക്കര മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സിയുടെ തൃശൂർ-ചേലക്കര-വട്ടുള്ളി, തൃശൂർ-കൊണ്ടയൂർ ഓർഡിനറി ബസ് സർവീസുകൾ പുനഃസ്ഥാപിക്കുന്നതോടൊപ്പം പുതിയ ബസ് റൂട്ടുകൾ കൂടി അനുവദിച്ച് മണ്ഡലത്തിലെ യാത്രാ ക്ലേശം പരിഹരിക്കണമെന്ന് യു.ആർ. പ്രദീപ് എം.എൽ.എ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

## ജാഗ്രത പാലിക്കണം

പൂമല ഡാമിലെ ജലനിരപ്പ് ക്രമാതീതമായി ഉയരുന്നതിനാൽ ഡാമിന്റെ ഷട്ടറുകൾ ഏത് സമയവും തുറക്കും. ഈ സാഹചര്യത്തിൽ മലവായ് തോടിന്റെ ഇരുവശത്തും താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് ഇറിഗേഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

## സ്വാതി സംഗീത പുരസ്കാരസമർപ്പണം 29 ന്

സ്വാതി സംഗീത പുരസ്കാരം ജൂലൈ 29 വൈകീട്ട് 5.30 ന് കേരള സംഗീത നാടക അക്കാദമി കെ ടി മുഹമ്മദ് സ്മാരക തിയേറ്ററിൽ സാംസ്കാരിക വകുപ്പ് മന്ത്രി എ കെ ബാലൻ സംഗീതജ്ഞൻ ടി വി ബാലകൃഷ്ണന് നൽകും. കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ അദ്ധ്യക്ഷത വഹിക്കും. കേരള സംഗീത നാടക അക്കാദമി ചെയർപേഴ്സൺ കെപിഎസി ലളിത മുഖ്യാതിഥിയാകും. വൈസ് ചെയർമാൻ സേവ്യവർ പുൽപ്പാട്ട് പ്രശംസപത്രം വായിക്കും. സാഹിത്യ അക്കാദമി സെക്രട്ടറി കെ പി മോഹനൻ, ലളിതകലാ അക്കാദമി സെക്രട്ടറി പൊന്ന്യം ചന്ദ്രൻ എന്നിവർ ആശംസ നേരും. സാംസ്കാരിക വകുപ്പ് സെക്രട്ടറി റാണി ജോർജ്ജ് സ്വാഗതവും സംഗീത നാടക അക്കാദമി സെക്രട്ടറി എൻ രാധാകൃഷ്ണൻ നായർ നന്ദിയും പറയും. വൈകീട്ട് 6.30 ന് സംഗീതകച്ചേരി അരങ്ങേറും.

## ടെണ്ടർ

തൃശൂർ ജില്ലാ പഞ്ചായത്തിന്റെ ബാലസൗഹൃദ ജില്ലാ പദ്ധതിയുടെ ഭാഗമായി 'ബാലസൗഹൃദം' എന്ന ആശയം ഉൾക്കൊള്ളുന്ന ബോർഡുകൾ ജില്ലയിലുടനീളം സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 13 വൈകീട്ട് 3.30. വിശദവിവരങ്ങൾ ചെമ്പൂക്കാവ് മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാതല ഐസിഡിഎസ് സെൽ പ്രോഗ്രാം ഓഫീസിൽ നിന്നും അറിയാം. ഫോൺ : 0487-2321689.

## ധനസഹായം: അപേക്ഷ ക്ഷണിച്ചു

ജയിൽ വിമുക്തരായ മുൻ കുറ്റവാളികൾ, പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് പ്രകാരം പ്രൊബേഷൻ റിലീസ് ലഭിച്ച പ്രൊബേഷണർമാർ, ജയിൽ ശിക്ഷ അനുഭവിക്കുന്നവരുടെ വരുമാനമാർഗ്ഗമില്ലാത്ത ആശ്രിതർ (ഭാര്യ/ഭർത്താവ്/കുട്ടികൾ) എന്നിവരിൽ നിന്ന് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങളും അപേക്ഷഫോറവും അയ്യന്തോൾ സിവിൽ സ്റ്റേഷനിലെ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 26. ഫോൺ : 0487-2363999.

## വിദ്യാഭ്യാസ ധനസഹായം: അപേക്ഷ ക്ഷണിച്ചു

അതിക്രമത്തിനിരായി കൊല്ലപ്പെട്ടവരുടെയും കിടപ്പിലായവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നു. അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ഒന്നു മുതൽ അഞ്ച് വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 3000 രൂപയും ആറു മുതൽ പത്ത് വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 5000 രൂപയും പ്ലസ്ടു, ഐടിഐ, പോളിടെക്നിക്ക് എന്നീ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 7500 രൂപയും പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ബിരുദക്ലാസ്സുകളിലുള്ളവർക്ക് 10000 രൂപയും പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ബിരുദാനന്തര ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 15000 രൂപയും സർക്കാർ അംഗീകൃത കമ്പ്യൂട്ടർ കോഴ്സ് പഠിക്കുന്നവർക്ക് 10000 രൂപയുമാണ് ഒരു അക്കാദമിക് വർഷം ലഭിക്കുക. വിശദവിവരങ്ങളും അപേ

ക്ഷഫോറവും അയ്യന്തോൾ സിവിൽ സ്റ്റേഷനിലെ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 26. ഫോൺ : 0487-2363999.

## ഇ-ടെണ്ടർ

തൃശൂർ ജില്ലയിൽ അന്തിക്കാട്, താന്ന്യം, ചാഴൂർ പഞ്ചായത്തുകളിൽ ഉൾപ്പെട്ട മാത്തുത്തോട്-പുളള്-ആലപ്പാട് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ പദ്ധതി പ്രവർത്തനങ്ങൾ ഇ-ടെണ്ടർ മുഖേന നടത്തും. ടെണ്ടറിന്റെ വിശദാംശങ്ങൾ www.keralasoils.com എന്ന വെബ്സൈറ്റിൽ നിന്നോ ജില്ലാ മണ്ണുസംരക്ഷണ കാര്യാലയത്തിൽ നിന്നോ ലഭിക്കും. ഫോൺ : 0487-2360426.

## സീനിയർ റസിഡന്റ്സ്/ലക്ചറർ നിയമനം

തൃശൂർ ഗവ. മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിൽ സീനിയർ റസിഡന്റ്സ്/ലക്ചറർ തസ്തികളിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു. എംബിബിഎസ് ബിരുദമാണ് യോഗ്യത. മെഡിക്കൽ പിജിയുളളവർക്ക് അപേക്ഷിക്കാം. താൽപര്യമുളളവർ രജിസ്ട്രേഷൻ, പ്രായം, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം ആഗസ്റ്റ് രണ്ട് രാവിലെ 10 ന് കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2200310, 2200315.

## ലാബ് അസിസ്റ്റന്റ് ഒഴിവ്

തൃശൂർ ഗവ. മെഡിക്കൽ കോളേജിൽ ലാബ് അസിസ്റ്റന്റ്തസ്തികയിൽ ദിവസവേതാനടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളോടു കൂടിയ പ്ലസ് ടു അല്ലെങ്കിൽ മെഡിക്കൽ ലാബ് ടെക്നോളജിയോടുകൂടിയ വിഎച്ച്എസ്ഇ ആണ് യോഗ്യത. താൽപര്യമുളളവർ പ്രായം, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും ആധാർ കാർഡും സഹിതം ജൂലൈ 30 രാവിലെ 10 ന് കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2200312, 2200318.

## അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് പുതിയ കോഴ്സുകളുടെ ഉദ്ഘാടനം 29 ന്

മദ്ധ്യകേരളത്തിലെ ആദ്യത്തെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ സ്ഥാപിതമായ അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ കോഴ്സുകളുടെ ഉദ്ഘാടനം ജൂലൈ 29 രാവിലെ 10ന് സംസ്ഥാന തുറമുഖവകുപ്പ് മന്ത്രി കടന്നപ്പിളളി രാമചന്ദ്രൻ നിർവ്വഹിക്കും. ലാസ്കർ, സ്രാങ്ക്, എഞ്ചിൻ ഡ്രൈവർ എന്നീ ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഫസ്റ്റ് ക്ലാസ് മാസ്റ്റർ, സെക്കന്റ് ക്ലാസ് മാസ്റ്റർ, ഫസ്റ്റ് ക്ലാസ് എഞ്ചിൻ ഡ്രൈവർ, സെക്കന്റ് ക്ലാസ് എഞ്ചിൻ ഡ്രൈവർ എന്നിവയാണ് ആരംഭിക്കുന്നത്. ഉദ്ഘാടനദിവസം തന്നെ ക്ലാസുകളും ആരംഭിക്കും. നാല് ദിവസം നീണ്ടു നിൽക്കുന്ന ക്ലാസ് 50 പേരടങ്ങുന്ന ഒറ്റ ബാച്ചായാണ് ആരംഭിക്കുന്നത്. പ്രവർത്തനത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്കിൽ എംബിഎ, ഡിപ്ലോമ, ഡിഗ്രി കോഴ്സുകളും ഉടനെ ആരംഭിക്കും. സംസ്ഥാന സർക്കാരിന്റെ കീഴിൽ ആദ്യമായാണ് ഇത്തരത്തിൽ മറൈൻ കോഴ്സുകൾ വരുന്നത്. തുറമുഖവകുപ്പാണ് കോഴ്സുകൾ വിഭാവനം ചെയ്തിരിക്കുന്നത്.

നൂറ്റാണ്ടുകൾക്ക് മുമ്പ് നിലനിന്നിരുന്ന പുരാതന മുസ്രിസ് തുറമുഖം പുനർനിർമ്മിക്കുക എന്ന പദ്ധതിയുടെ ഭാഗമായാണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കപ്പെട്ടത്. ലോകത്തിലെ കപ്പൽ വ്യവസായ-ഗതാഗത മേഖലയിലെ വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക, കപ്പൽ വ്യവസായ-ഗതാഗത ഭൂപടത്തിൽ കേരളത്തെ ഉയർത്തുക, ഉൾനാടൻ ജലഗതാഗതം പരിപോഷിപ്പിക്കുക എന്നിവയാണ് ലക്ഷ്യം.

തുറമുഖവകുപ്പിന്റെ രണ്ടര ഏക്കർ സ്ഥലത്ത് 11 കോടി രൂപ ചെലവിട്ട് നിർമ്മിച്ച ഇൻസ്റ്റിറ്റ്യൂട്ട് 2015 ജൂലൈ 11 ന് നാണ് ഉദ്ഘാടനം ചെയ്തത്. നാല് പ്രധാന കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളും ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതിനെ തുടർന്ന് 2017–ൽ മാസത്തിലൊരു തവണ സ്രാങ്കുകൾക്കായുള്ള പരിശീലനം തുടങ്ങി. സാങ്കേതിക കാരണങ്ങൾ മൂലം പരിശീലനം നിന്നു. തുടർന്നാണ് സർക്കാർ വിഭാവനം ചെയ്യുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുറക്കണമെന്ന ആവശ്യമുയർന്നത്. ഇതിനെ തുടർന്നാണ് ഇൻസ്റ്റിറ്റ്യൂട്ട് തുറന്നു പ്രവർത്തിക്കാൻ തുറമുഖവകുപ്പ് തീരുമാനിച്ചത്. ആറ് ബ്ലോക്കുകളടങ്ങുന്ന കെട്ടിടസമുച്ചയത്തിൽ ഏഴ് ക്ലാസ് മുറികൾ, വർക്ക്ഷോപ്പ്, ഭരണവിഭാഗം ബ്ലോക്ക്, ലബോറട്ടറി ബ്ലോക്ക്, ചാർട്ട്റൂം ബ്ലോക്ക്, കംപ്യൂട്ടർ ബ്ലോക്ക്, ഹോസ്റ്റൽ, ടോയ്‌ലറ്റ് ബ്ലോക്ക്, സബ്സ്റ്റേഷൻ എന്നിവയാണുള്ളത്.

ചടങ്ങിൽ ഇ.ടി.ടൈസൺ മാസ്റ്റർ എംഎൽഎ അദ്ധ്യക്ഷത വഹിക്കും. ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ് മാനേജർ ജിസ്മോൻ ജേക്കബ് റിപ്പോർട്ട് അവതരിപ്പിക്കും. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ അബീദലി, എറിയാട് പഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി മോഹനൻ, ജില്ലാ പഞ്ചായത്തംഗം നൗഷാദ് കൈതവളപ്പിൽ, വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.